بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 12.08.2022

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

## യു.കെ ജൽസയിൽ ജമാഅത്തിന് വർഷിച്ച അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ

اَشْهَدُ اَنْ لَّااِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ
نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

അൽഹംദിലില്ലാഹ്, അല്ലാഹു നമുക്ക് യു.കെ വാർഷിക ജൽസ സംഘടിപ്പിക്കുവാനുള്ള തൗഫീഖ് നൽകി. മൂന്ന് ദിവസങ്ങളിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർഷിക്കുന്നതു നാം കണ്ടു. ജൽസക്കു വേണ്ടി വർഷം മുഴുവൻ കാത്തിരിക്കേണ്ടി വരുന്നു. സംഘാടകർക്ക് വലിയ ഒരുക്കങ്ങൾ നടത്തേണ്ടതായി വരുന്നു. എന്നാൽ ജൽസ ആരംഭിച്ചു കഴിഞ്ഞാൽ കണ്ണിമവെട്ടുന്ന സമയംകൊണ്ട് ഈ മൂന്ന് ദിവസം എങ്ങനെ കടന്നുപോയി എന്നറിയുന്നില്ല.

ഈ വർഷം വിവിധ കാര്യങ്ങളിൽ പലർക്കും ചില ആശങ്കകൾ ഉണ്ടായിരുന്നു. ചിലർ എഴുത്തു മുഖേന ആശങ്ക പ്രകടിപ്പിക്കുകയും ചെയ്തു. ഞാനും ജമാഅത്തംഗങ്ങളും ദുആ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അങ്ങനെ എല്ലാ ആശങ്കകളും ഭയവും അല്ലാഹു സമാധാനത്തിലേക്ക് പരിവർത്തനം ചെയ്തു. കോവിഡ് വ്യാപനവും അതിന് ഒരു കാരണമായിരുന്നു. ജൽസയിൽ പങ്കെടുത്ത ചിലരിൽ അത് സ്വാധീനം ചെലുത്തി എന്നിരുന്നാലും പൊതുവിൽ അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹം നമ്മളിലുണ്ടായിരുന്നു.

ഹുദൂർ അൻവർ(അയ്യദഹുല്ലാഹ്) ജൽസയുടെ അടുത്ത ഖുത്ബ എന്ന നിലയിൽ പ്രവർത്തകരോട് നന്ദിയും, പങ്കെടുത്തവരുടെ പ്രതികരണങ്ങളെ പറ്റിയും കൂടാതെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ പരാമർശിച്ചും പറഞ്ഞു: ജൽസയുടെ തയ്യാറെടുപ്പു മുതൽ അവസാനം വരെ നിസ്വാർഥമായ സേവനം കാഴ്ചവെച്ച പ്രവർത്തകർക്ക് ആദ്യമായി ഞാൻ നന്ദി പറയുകയാണ്. അവർ ഇപ്പോഴും എതെങ്കിലുമൊക്കെ രീതിയിൽ വൈന്റ് അപ്പ് പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുകയാണ്. കൂടാതെ ജൽസയിൽ വിവിധ വകുപ്പുകളിലുള്ള സന്നദ്ധസേവകർ അവരവരുടെ കഴിവനുസരിച്ച് പൊതുവെ മികച്ച പ്രവർത്തനം കാഴ്ചവെച്ചിട്ടുണ്ട് അതിനായി പങ്കെടുത്ത എല്ലാവരും അവരോട് നന്ദിയുള്ളവരാകേണ്ടതാണ്.

ചില പോരായ്മകളും ദൗർബല്യങ്ങളും ഉണ്ടായതായി സൂചിപ്പിച്ചുകൊണ്ട് ഹുദൂർ തിരുമനസ്സ് പറഞ്ഞു: ഇത്രയും വലിയ സംവിധാനത്തിൽ ഇങ്ങനെയുള്ള ബലഹീനതകൾ സംഭവിച്ചു പോകുന്നു; എന്നാൽ ഈ പോരായ്മകളെ നികത്തേണ്ടത് സംഘാടകരുടെ ജോലിയാണ്. ഉദാഹരണമായി ലജ്നകളുടെ ഭക്ഷണം വിളമ്പുന്ന വകുപ്പിൽ വന്ന ചില പരാതികളോ മറ്റോ ആണ്. ഇതുമായി ബന്ധപ്പെട്ട് വന്ന കത്തുകൾ ഞാൻ സംഘാടകർക്ക് അപ്പോൾ തന്നെ അയക്കുന്നുണ്ട്. അതനുസരിച്ച് വിലയിരുത്തൽ നടത്തി പോരായ്മകൾ അവരുടെ റെഡ് ബുക്കിൽ രേഖപ്പെടുത്തുകയും അടുത്ത വർഷം എല്ലാ വകുപ്പുകളിലും മികച്ച ഏർപ്പാടുകൾ ചെയ്യാൻ പരിശ്രമിക്കുകയും വേണം.

എം.ടി.എ.യും മികച്ച കവറേജാണ് നൽകിയത്. ഇത്തവണ മുഴുവൻ സ്റ്റുഡിയോയും അവർ സ്വയം നിർമിച്ചു. അതുമൂലം ആയിരക്കണക്കിന് പൗണ്ടിന്റെ ലാഭമുണ്ടായി. ഈ വർഷം ജൽസയുടെ നടപടിക്രമങ്ങൾക്കിടയിൽ വികസിതവും അവികസിതവുമായ പല രാജ്യങ്ങളേയും (ഇതിനോട്) ഒന്നിപ്പിച്ചു. അതു മുഖേന ഇവിടെയിരിക്കുന്നവർ മറ്റു രാജ്യങ്ങളിൽ താമസിക്കുന്ന തന്റെ സഹോദരങ്ങളെ കാണുന്നുണ്ടായിരുന്നു. ഒരു ഐക്യത്തിന്റെ കാഴ്ചയായിരുന്നു നമുക്ക് എം.ടി.എ.യുടെ ക്യാമറക്കണ്ണുകളിലൂടെ കണാൻ കഴിഞ്ഞത്. അത് അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഐക്യത്തെ എം.ടി.എ. മുഖേന ലോകം മുഴുവൻ കാണിച്ച് എതിരാളികളുടെ വായ അടപ്പിച്ചതിന് എം.ടി.എ.യുടെ സന്നദ്ധ സേവകർ നന്ദി അർഹിക്കുന്നവരാണ്.

തുടർന്ന് ഹുദൂർ അൻവർ അഹ്മദികളുടെയും അനഹ്മദികളുടെയും നവ അഹ്മദികളുടെയും പത്രപ്രവർത്തകരുടെയും വിവിധ പ്രതികരണങ്ങളുടെ വെളിച്ചത്തിൽ അല്ലാഹുവിന്റെ ഔദാര്യങ്ങളെ കുറിച്ച് പരാമർശിച്ചുകൊണ്ട് ജൽസ മുഖേന അല്ലാഹു എങ്ങനെയാണ് ഇസ്‌ലാമിന്റെ സന്ദേശം ലോകത്ത് എത്തിച്ചത് എന്ന് പറഞ്ഞു.

ആളുകൾക്ക് കാലത്തിന്റെ ഖലീഫയോടുള്ള സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും ബന്ധത്തെ കുറിച്ച് പരാമർശിച്ചുകൊണ്ട് പറയുന്നു:

നൈജറിൽ നിന്നുള്ള നിയാമെ പട്ടണത്തിലെ ഒരു പള്ളി ഇമാമായ ഒരു അനഹ്മദി പണ്ഡിതനായ അബൂബക്കർ സീനീ സാഹിബ് പറയുന്നു: എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത് കാലത്തിന്റെ ഖലീഫ യോടുള്ള ജനങ്ങളുടെ സ്നേഹം നിറഞ്ഞ ബന്ധമാണ്. കാലത്തിന്റെ ഖലീഫയുടെ ഓരോ സൂചനകളോട് എങ്ങനെയാണ് തികഞ്ഞ അനുസരണം പുലർത്തുന്നത്, പ്രഭാഷണങ്ങൾക്കിടയിൽ പരിപൂർണ നിശ്ശബ്ദതയായിരുന്നു. വീണ്ടും പറയുന്നു: ഈ സ്നേഹം അല്ലാഹു സ്വയം ആളുകളുടെ ഹൃദയങ്ങളിൽ ഇട്ടുകൊടുത്തതാണെന്ന് തോന്നിപ്പോകുന്നു; കാരണം കൃത്യമത്വത്തിന്റെ ഒരു കലർപ്പും അതിൽ ഉണ്ടായിരുന്നില്ല.

ബുർക്കിനാ ഫാസോയിൽ നിന്നുള്ള ഒരു അനഹ്മദി സുഹൃത്ത് ഇസ്ഹാഖ് സാഹിബ് പറയുന്നു: നിങ്ങളുടെ വാർഷിക ജൽസ അതിമനോഹരമായിരുന്നു, ഇതുപോലുള്ള മറ്റൊരു മാതൃക കാണാൻ കഴിയുകയില്ല. ഇത്രയധികം ആളുകൾ ഒരിടത്ത് ഒരുമിച്ചുകൂടുന്നത് ഒരു അത്ഭുതകരമായ കാര്യമാണ്. കൂടാതെ (ഇതുപോലെ) ഒരു ഇമാമിനെ പിന്തുടരുക എന്നുള്ളതിന് ഉദാഹരണം ഈ ജൽസ തന്നെയാണ്. ആര് വിശ്വസിച്ചാലും ഇല്ലെങ്കിലും ഇന്ന് യഥാർത്ഥ ഇസ്‌ലാം അഹ്മദിയ്യത്ത് മാത്രമാണ്, ഈ സത്യം ജനങ്ങൾ തിരിച്ചറിയുകയും അതിൽ പ്രവേശിക്കുകയും ചെയ്യുന്ന ദിവസം വിദൂരമല്ല.

ഫ്രഞ്ച് ഗിയാനയിലെ ആദ്യമായി ജൽസ കാണുന്ന ഒരു സിറിയൻ അനഹ്മദിയുണ്ട്, അറബി സംസാരിക്കുന്നവർക്കായി പള്ളിയിൽ എം.ടി.എ. അൽ അറബിയ്യ മുഖേന ജൽസയുടെ കാര്യപരിപാടികൾ വീക്ഷിക്കാനുള്ള സൗകര്യം ഒരുക്കിയിരുന്നു, അദ്ദേഹം പറയുന്നു: ഞാൻ ആദ്യമായാണ് ജമാഅത്തിന്റെ സന്ദേശം കേൾക്കുന്നത്, ആദ്യമായാണ് ഞാൻ നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണം കേൾക്കുന്നത്, ഒരു ഖലീഫയുടെ ബൈഅത്തിൽ അണിനിരന്നുകൊണ്ട് മുഴുലോകത്തും പ്രവർത്തിക്കുന്ന, ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം ലോകമെമ്പാടും എത്തിക്കുന്ന ഇസ്‌ലാമിന്റെ ഇങ്ങനെയൊരു സംഘടനയുണ്ട് എന്നത് എന്നിൽ ഒരുപാട് മതിപ്പുളവാക്കി. ഇനി തീർച്ചയായും ഞാൻ നിങ്ങളുടെ ജമാഅത്തിനെകുറിച്ച് പഠിക്കുകയും അന്വേഷിക്കുകയും ചെയ്യുന്നതാണ്.

ലൈബീരിയയിൽനിന്നുള്ള ഒരു അമുസ്‌ലിം അതിഥി പറയുന്നു: അഹ്മദിയ്യാ ഖലീഫയുടെ പ്രഭാഷണം എന്നെ ഒരുപാട് സ്വാധീനിക്കുകയുണ്ടായി., അഹ്മദിയ്യാ ജമാഅത്ത് ഒരു സുസംഘടിത ജമാഅത്താണെന്ന് ഞാൻ നേരത്തെ കേട്ടിരുന്നു, ഇന്ന് എങ്ങനെയാണ് അഹ്മദിയ്യാ ജമാഅത്ത് ഒരു നേതാവിന്റെ കീഴിൽ ഐക്യപ്പെട്ടുകൊണ്ട് ലോകത്ത് സമധാനത്തിനായുള്ള പരിശ്രമങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതെന്ന് ഞാൻ എന്റെ കണ്ണുകൾക്കൊണ്ട് കണ്ടു.

സാംബിയയിൽ നിന്നുള്ള ഒരു ക്രിസ്ത്യൻ പാസ്റ്റർ ജൽസയുടെ അവസാന ദിവസം ഹുദൂർ അൻവറിന്റെ സമാപന പ്രഭാഷണം കേട്ട് വളരെ ആകൃഷ്ടനായി. നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണം വളരെ അത്ഭുതകരമായിരുന്നുവെന്ന് പറഞ്ഞ് തന്റെ വികാരങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു... ഇസ്‌ലാം സ്ത്രീകളുടെ അവകാശങ്ങൾ പിടിച്ചെടുക്കുകയും അവർക്ക് ഒരുതരത്തിലുള്ള സ്വാതന്ത്ര്യവും നൽകിയിട്ടില്ലാ എന്നുമാണ് ഞാൻ കരുതിയിരുന്നത്, എന്നാൽ ഇന്ന് ഈ പ്രഭാഷണം കേട്ടപ്പോൾ എന്റെ കാഴ്ചപ്പട് മാറി എന്ന് മാത്രമല്ല ഇസ്‌ലാം സ്ത്രീകൾക്ക് നൽകിയ അവകാശങ്ങൾ കൃസ്തുമതം നൽകിയിട്ടില്ല എന്ന് പറയാൻ ഞാൻ ഒരിക്കലും ലജ്ജിക്കുകയില്ല.

ഐവറികോസ്റ്റിൽ നിന്നുള്ള ഒരു അനുഭാവിയായ സുഹൃത്ത് പറയുന്നു: ഞാൻ ആദ്യമായാണ് ഒരു ജൽസ ടി.വി.യിൽ തത്സമയം കാണുന്നത്, കൂടാതെ ജൽസയുടെ നടത്തിപ്പുകൾ എന്നെ വളരെയധികം സ്വാധീനിച്ചു. ഇത്രയധികം ആളുകൾ സുസംഘടിതമായും സൽപെരുമാറ്റത്തോടും ഒരു പ്രോഗ്രാമിൽ പങ്കെടുക്കുക എന്നത് ഖിലാഫത്തിന്റെ ശിക്ഷണം അവരെ ആഴത്തിൽ അവരെ സ്വാധീനിച്ചിരിക്കുന്നു എന്നാണ് കാണിക്കുന്നത്. റസൂലുല്ലാഹ്(സ)യുടെ കൈകളിൽ ആളുകൾ എങ്ങനെയാണ് ബൈഅത്ത് ചെയ്തതെന്ന് അവർക്കറിയില്ല എന്നാൽ ഇന്ന് ഖലീഫയുടെ കൈയ്യിൽ ആളുകൾ ബൈഅത്ത് ചെയ്തത് കണ്ടുകൊണ്ട് ഹൃദയത്തിലുണ്ടായ ആഴത്തിലുള്ള സ്വാധീനവും അനുഭൂതിയും വിവരണാതീതമാണ്.

ജൽസയുടെ മൂന്നു ദിവസങ്ങളിൽ നിന്നും പ്രയോജനം കരസ്ഥമാക്കിക്കൊണ്ട് കാമറൂണിലെ പ്രാദേശിക ജമാഅത്തിൽ നിന്നുള്ള ഒരു വനിത സമാപന സമ്മേളനത്തിൽ ആളുകളെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: നമ്മുടെ അടുക്കൽ എം.ടി.എ. ഉണ്ട് എന്നത് നമ്മുടെ സൗഭാഗ്യമാണ്. ഇത് വെറുമൊരു ടി.വി. ചാനൽ അല്ല മിറച്ച് നിത്യേന അറിവ് പകർന്നു തരുന്ന ഒരു സ്കൂൾ അല്ലെങ്കിൽ ഒരു സർവ്വകലാശാലയാണ്. നമ്മളും ഈ മൂന്ന് ദിവസം ഇതിൽ നിന്ന് ധാരാളം അറിവുകൾ കരസ്ഥമാക്കി... എല്ലാവരും ഇതിൽ നിന്ന് പ്രയോജനം കരസ്ഥമാക്കേണ്ടതാണ്. ഇസ്‌ലാമിക ജ്ഞാനങ്ങൾ വർധിപ്പിക്കാൻ വീട്ടിൽ ഇത് പതിവായി കാണുകയും കുട്ടികളെ കാണിക്കുകയും വേണം. പ്രത്യേകിച്ചു ഹുദൂർ തിരുമനസ്സിന്റെ ഖുതുബകളും മറ്റു പ്രഭാഷണങ്ങളും നിർബന്ധമായും കേൾക്കുക അതു നമ്മുടെ വിശ്വാസ വർധനവിന് കാരണമാകുന്നതാണ്.

മറ്റൊരു പ്രതികരണം കോംഗോ കിൻഷാസയിൽ നിന്നുള്ളതാണ്. അലിബൂ ജമാഅത്തിൽ ജലസയുടെ നടപടികൾ കാണാനായി ഹൻബലി മുസ്‌ലിംകളുടെ ഇമാമിനെ വിളിച്ചുവരുത്തി. ഹദ്റത്ത് മുഹമ്മദ്(സ)

നമുക്ക് നൽകിയ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനത്തെ അഹ്മദിയ്യാ ജമാഅത്ത് സമർപ്പിച്ച രീതി എന്റെ അഭിപ്രായത്തിൽ ജമാഅത്തിന്റെ വൈശിഷ്ടമായ തിരിച്ചറിവാണ് എന്ന് അദ്ദേഹം ജൽസയുടെ അവസാനം പറഞ്ഞു. ഞാനിപ്പോൾ ആഗ്രഹിക്കുന്നത് എന്തെങ്കിലും ചെയ്ത് ജമാഅത്തിൽ അംഗമാകാനാണ്, അല്ലാഹു എനിക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹു അദ്ദേഹത്തിന് അതിനുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ.

ഒരു അൽബേനിയൻ അനുഭാവിയായ മുസ്‌ലിം പെൺകുട്ടി പറഞ്ഞു: യു.കെ വാർഷിക ജൽസ ഒരു മഹത്തായ ജൽസയായിരുന്നു, അതിൽ പങ്കെടുത്തവരുടെ എണ്ണം അസാധാരണമായിരുന്നു. ഞാനിതുവരെ ജമാഅത്തിൽ അംഗമായിട്ടില്ല; എന്നാൽ അതിന്റെ പ്രാധാന്യത്തെയും സത്യത്തെയും സംബന്ധിച്ച് ഗൗരവമായി ചിന്തിക്കണമെന്ന് ഈ ജൽസ മുഖേന ഞാൻ മനസ്സിലാക്കിയിരിക്കുന്നു.

ഓസ്ട്രേലിയയിൽനിന്നുള്ള ഒരു നവഅഹ്മദി പറയുന്നു: ആഗോള ബൈഅത്ത് എനിക്ക് ഒരു അത്ഭുതകരമായ അനുഭവമായിരുന്നു. ആ സമയത്ത് ഞാൻ കടന്നുപോയ ആത്മീയ അനുഭൂതി മുമ്പൊരിക്കലും അനുഭവിച്ചിട്ടില്ല. എനിക്ക് മനഃശാന്തിയും മനഃസമാധാനവും നൽകിയ ഒരു ആത്മീയാന്തരീക്ഷമായിരുന്നു.

യമനിൽനിന്നുള്ള ശൈമ ഖാസിം സാഹിബ പറയുന്നു: ഞങ്ങൾ ജൽസയുടെ പ്രോഗ്രാമുകൾ കണ്ടു ഞങ്ങൾ സ്വർഗത്തിലാണെന്നതുപോലെ തോന്നി. ഇസ്‌ലാമിന്റെ സൂര്യൻ ഞങ്ങളിൽ വീണ്ടും ഉദിച്ചുകൊണ്ട് ഞങ്ങളുടെ ഹൃദയത്തിനും ആത്മാവിനും ഉന്മേഷം നൽകി. ഞങ്ങളിൽ യഥാർഥ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ധാർമികതയുടെയും ആത്മാവ് ഞങ്ങളിൽ ഊതി. ഞങ്ങൾ ഞങ്ങളിൽനിന്നുതന്നെ അകലെയായിരുന്നു, എന്നാൽ ഞങ്ങളുടെ ഹൃദയം നിങ്ങളോടൊപ്പമായിരുന്നു, ഞങ്ങൾ ഒരേ വീട്ടിൽ ഉണ്ടായിരുന്നു. ഒരു അഹ്മദിക്കല്ലാതെ മറ്റാർക്കും ഈ ബന്ധം അനുഭവിക്കാൻ കഴിയുകയില്ല... ഞങ്ങളുടെ നാഥാ ഖിലാഫത്ത് എന്നെന്നും നിലനിർത്തേണമേ അതില്ലാതെ ഞങ്ങൾക്ക് ഒരു വ്യക്തിത്വവും ഒരു ലക്ഷ്യവുമില്ല.

കബാബീറിൽനിന്നുള്ള ഒരു അറബ് വനിത ദുആ സാഹിബ പറയുന്നു: ബൈഅത്തിന്റെ സമയത്ത് യഥാർഥത്തിൽ ഞങ്ങൾ കാലത്തിന്റെ ഖലീഫയോടൊപ്പമാണെന്നും ഞങ്ങൾക്കിടയിൽ ഒരു രാജ്യമോ സമുദ്രമോ തടസ്സമായിട്ടില്ല. ഇത്രയും അധികം സന്തോഷത്താൽ എന്റെ ഹൃദയം പൊട്ടിപ്പോകുമോ എന്നും എനിക്ക് തോന്നി.

ബി.ബി.സി. സൗത്ത് ജേൺലിസ്റ്റ് എഡ്വേർഡ് സാൾട്ട് പറയുന്നു: ജൽസയിൽ ഞാൻ കൂടുതൽ സമയം ചിലവഴിച്ചു, അതിഥി സൽക്കാരം വളരെ ഗംഭീരമായിരുന്നു, വിവിധ പ്രഭാഷണങ്ങൾ കേട്ടു, വളരെ നന്നായി തോന്നി. ഇനിയും ഞാൻ നിങ്ങളോടൊപ്പം പ്രവർത്തിക്കുന്നതാണ്.

ഖുത്ബയുടെ അവസാനം ഹുദൂർ തിരുമനസ്സ് കാനഡയിലെ ബഹുമാനപ്പെട്ട ഖുദ്റത്തുല്ലാഹ് അദ്നാൻ സാഹിബിന്റെ ഭാര്യ നുസ്രത്ത് ഖുദ്റത്ത് സുൽത്താന സാഹിബയേയും, അരനൂറ്റാണ്ടിലധികം ജമാഅത്തിന്റെ സേവനത്തിന് തൗഫീഖ് ലഭിച്ച വഖ്ഫെ സിന്ദഗിയായ ബഹുമാനപ്പെട്ട ചൗദരി ലത്തീഫ് അഹ്മദ് ഝട്ട് സാഹിബിനേയും, മീർപൂർ കഷ്മീരിലെ ബഹുമാനപ്പെട്ട മുഹമ്മദ് ആലം സാഹിബിന്റെ മകനായ മുശ്താഖ് അഹ്മദ് ആലം സാഹിബിനേയും അനുസ്മരിച്ചു. ജുമുഅഃ നമസ്കാരത്തിനുശേഷം അവരുടെ ജനാസാ ഗായിബ് നമസ്കരിക്കുന്നതാണെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللهِ رَحِمَكُمُ
اللّٰهُ اِنَّ اللهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَيَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 12.08.2022

Malayalam Translation: **Moulavi Fahin Ahmad** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**